പതിമൂന്നാം കേരളനിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 323 — 30.11.2015 ൽ മറുപടിക്ക്

## മന്ത്രിമാർക്കെതിരെയുള്ള കേസുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മന്ത്രിസഭയിലെ മുഖ്യമന്ത്രിയുൾപ്പെടെ ഏതെല്ലാം മന്ത്രിമാർക്കെതിരെ എന്തെല്ലാം ആരോപണങ്ങളാണ് വിവിധ ഘട്ടങ്ങളിലായി വെളിപ്പെട്ട് ഉയർന്നുവന്നതെന്ന് വെളിപ്പെടുത്താമോ; | (എ) 1. ശ്രീ. ഉമ്മൻചാണ്ടി, മുഖ്യമന്ത്രി ശ്രീ. അടൂർപ്രകാശ് എന്നിവർക്കെതിരെ തൃശ്ശൂർ ചെമ്പുക്കാവ് വില്ലേജിൽ സർവ്വെ നമ്പർ 498 ൽ 1.19 ഏക്കർ സർക്കാർ പുറമ്പോക്ക് ഭൂമി തൃശ്ശൂർ സെന്റ് തോമസ് കോളേജിന് പാട്ടത്തിന് നൽകിയത് പതിച്ചുനൽകുകയും പാട്ടക്കുടിശ്ശിക എഴുതി തള്ളുകയും ചെയ്തതിലെ ക്രമക്കേട് സംബന്ധിച്ച ആരോപണത്തിൽ ബഹു. എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ ഉത്തരവിൻപ്രകാരം ഒരു സത്വരാന്വേഷണം നടത്തുകയുണ്ടായി.<br>2. ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞിനെതിരെ കേരള വാട്ടർ അതോറിറ്റി, കൊച്ചി ജലവിതരണ പദ്ധതിയുടെ ഭാഗമായി കുടി ഒഴിപ്പിച്ചവരുടെ പുനരധിവാസത്തിനായി ഏറ്റെടുത്ത വാട്ടർ അതോറിറ്റിയുടെ 50 സെന്റ് ഭൂമി പതിച്ചുനൽകിയതും, സർക്കാരിന് നഷ്ടം വന്നതും സംബന്ധിച്ച ആരോപണത്തിൽ ബഹു. എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ ഉത്തരവിൻപ്രകാരം ഒരു സത്വരാന്വേഷണം നടത്തുകയുണ്ടായി.<br>3. ശ്രീ. വി.കെ. അബ്ദുറബ്ബ്, ശ്രീ. എം.കെ മുനീർ എന്നിവർക്കെതിരെ സി.എച്ച്. മുഹമ്മദ്കോയ ചെയർഫോർ സ്റ്റഡീസ് ഓൺ ഡെവലപ്പിംഗ് സൊസൈറ്റീസിന് |

കെട്ടിടം പണിയുന്നതിന് 10 ഏക്കർ സ്ഥലവും ശ്രീ. സെയ്ദ് ഹൈദരലി ശിഹാബ് തങ്ങൾ ചെയർമാൻ ആയ ഗ്രെയ്സ് എഡ്യൂക്കേഷൻ അസോസിയേഷന് 10 ഏക്കർ സ്ഥലവും ചട്ടം ലംഘിച്ച് പതിച്ചുനൽകിയതും മറ്റും സംബന്ധിച്ച ആരോപണത്തിൽ ബഹു. എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ ഉത്തരവിൻപ്രകാരം ഒരു സത്വരാന്വേഷണം നടത്തുകയുണ്ടായി.

4. കോഴിക്കോട് ഒളിംപിക്സ് അസോസിയേഷൻ കോഴിക്കോട് സർവ്വകലാശാലയുടെ 15 ഏക്കർ സ്ഥലം ചട്ടം ലംഘിച്ച് അനുവദിച്ചു എന്ന ആരോപണത്തിൽ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ ഉത്തരവിൻപ്രകാരം ഒരു സത്വരാന്വേഷണം നടത്തുകയുണ്ടായി.

5. കോഴിക്കോട് സർവ്വകലാശാലയുടെ 3 ഏക്കർ സ്ഥലം ബാഡ്മിന്റൺ ഡെവലപ്മെന്റ് ട്രസ്റ്റിന് ചട്ടം ലംഘിച്ച് അനുവദിച്ചു എന്ന ആരോപണത്തിൽ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ ഉത്തരവിൻപ്രകാരം ഒരു സത്വരാന്വേഷണം നടത്തുകയുണ്ടായി.

6. ശ്രീ. അനൂപ് ജേക്കബ്, സിവിൽ സപ്ലൈസ് മന്ത്രിക്കെതിരെ റേഷൻ സബ്സിഡി അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ 750 കോടി രൂപ അനുവദിച്ചതിലെ ക്രമക്കേട് സംബന്ധിച്ച ആരോപണത്തിൽ ബഹു. തൃശ്ശൂർ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ ഉത്തരവിൻപ്രകാരം ഒരു സത്വരാന്വേഷണം നടത്തുകയുണ്ടായി.

7. ശ്രീ. കെ.പി. മോഹനൻ, കൃഷി വകുപ്പ് മന്ത്രിക്കെതിരെ, ശ്രീ. കെ. സുബൈർഖാനെ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആയി നിയമിച്ചതിലെ ക്രമക്കേട് സംബന്ധിച്ച ആരോപണത്തിൽ ബഹു. കേരളായുക്തയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു സത്വരാന്വേഷണം നടത്തുകയുണ്ടായി.

8. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഗതാഗതവും വനം വകുപ്പും മന്ത്രിക്കെതിരെ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് സുവനീർ പ്രസിദ്ധീകരിക്കുന്നതിനായി മാനദണ്ഡങ്ങൾ പാലിക്കാതെ കൂപ്പണുകളടിച്ച് വൻതുക പിരിച്ചെടുത്തതായ ആരോപണം സംബന്ധിച്ച് ബഹു. തൃശ്ശൂർ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ ഉത്തരവിൻപ്രകാരം ഒരു പ്രാഥമികാന്വേഷണം നടത്തുകയുണ്ടായി.

9. ശ്രീ. കെ.എം. മാണിക്കെതിരെയുള്ള ആരോപണങ്ങൾ.

i. ബാറുകളുടെ നിരോധനം പിൻവലിക്കുന്നതിനുവേണ്ടി ശ്രീ. ബിജു രമേശിന്റെ പക്കൽനിന്നും ഒരു കോടി രൂപ കോഴവാങ്ങിയെന്ന ആരോപണത്തിൽ സത്വരാന്വേഷണം നടത്തുകയുണ്ടായി.

ii. തൃശ്ശൂർ ചെമ്പുക്കാവ് വില്ലേജിൽ സർവ്വെ നമ്പർ 498 ൽ 1.19 ഏക്കർ സർക്കാർപുറമ്പോക്ക് ഭൂമി തൃശ്ശൂർ സെന്റ് തോമസ് കോളജിന് പതിച്ചുനൽകിയതിലെ ക്രമക്കേട് ആരോപണം സംബന്ധിച്ച് ബഹു. തൃശ്ശൂർ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ

ഉത്തരവിൻപ്രകാരം ഒരു സത്വരാന്വേഷണം നടത്തുകയുണ്ടായി.

iii. നെല്ലായാമ്പതിയിൽ വിവിധ എസ്റ്റേറ്റുകൾ പാട്ടത്തിന് നൽകിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച ആരോപണത്തിൽ ബഹു. തൃശ്ശൂർ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ ഉത്തരവിൻപ്രകാരം ഒരു സത്വരാന്വേഷണം ശ്രീ. കെ.എം.മാണി, ശ്രീ. പി.സി. ജോർജ്ജ് എന്നിവർക്കെതിരെ നടത്തുകയുണ്ടായി.

iv. പെട്രോളിയം കമ്പനികളുടേതായി കേരളത്തിൽ പുതുതായി 1200 പമ്പിനുള്ള അനുമതി നൽകാതിരിക്കാനായി നിയമങ്ങൾ കർശനമാക്കുന്ന നടപടി സ്വീകരിക്കുന്നതിനുവേണ്ടി നിലവിലെ പെട്രോൾ പമ്പ് ഉടമകൾ നിയമവകുപ്പ് മന്ത്രി എന്ന നിലയിൽ 3 ലക്ഷം രൂപ കൈക്കൂലി കൊടുത്തു എന്ന ആൾ കേരള ഫെഡറേഷൻ ഓഫ് പെട്രോളിയം ട്രേഡേഴ്സ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരുടെ വെളിപ്പെടുത്തലുകൾ സംബന്ധിച്ച് ഒരു സത്വരാന്വേഷണം നടന്നുവരുന്നു.

v. ശ്രീ. ബിജുരമേശ് , ഫസ്റ്റ്ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റിന് നൽകിയ Cr.Pc 164 പ്രകാരമുള്ള മൊഴിയിൽ പരാമർശമുണ്ടായിരുന്നതുമായി ബന്ധപ്പെട്ട് വിജിലൻസ് ഒരു പ്രാഥമികാന്വേഷണം ശ്രീ. കെ.എം. മാണി, മുൻ ധനകാര്യവകുപ്പ് മന്ത്രി, ശ്രീ. കെ. ബാബു, എക്സൈസ് വകുപ്പ് മന്ത്രി എന്നിവർക്കെതിരെ നടത്തുകയുണ്ടായി

| | |
|---|---|
| (ബി) നിലവിൽ മുഖ്യമന്ത്രിയുൾപ്പെടെ ഏതെല്ലാം മന്ത്രിമാർക്കെതിരെ ഏതെല്ലാം വിഷയങ്ങളിൽ എത്ര വീതം വിജിലൻസ്, ക്രൈംബ്രാഞ്ച്, പോലീസ്, സി.ബി.ഐ. | (എ) നിലവിൽ വിജിലൻസ് കേസിൽ ഉൾപ്പെട്ട മന്ത്രിമാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ബാറുകളുടെ നിരോധനം |

| | | | |
|---|---|---|---|
| | കേസുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ; | | പിൻവലിക്കുന്നതിന് വേണ്ടി ഒരുകോടി രൂപ കോഴനൽകി എന്ന അബ്കാരി കോൺട്രാക്ടർ ശ്രീ. ബിജുരമേശിന്റെ വെളിപ്പെടുത്തലുകൾ സംബന്ധിച്ച് ഒരു സത്വരാന്വേഷണം മുൻധനകാര്യവകുപ്പ് മന്ത്രിക്കെതിരെ നടത്തുകയുണ്ടായി അന്വേഷണം പൂർത്തിയായി. ഇത് സംബന്ധിച്ച് ഒരു വിജിലൻസ് കേസ് 10.12.2014 ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>2. 2004-2006 കാലഘട്ടത്തിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയായിരിക്കെ ശ്രീ. അടൂർ പ്രകാശ് അധികാര ദുർവിനിയോഗം നടത്തി ഓമശ്ശേരിയിൽ എ.ആർ.ഡി. ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നു.<br>മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർക്കെതിരെ ലോക്കൽ പോലീസിലോ, ക്രൈംബ്രാഞ്ചിലോ കേസുകൾ ഒന്നും നിലവിലില്ല. |
| (സി) | മന്ത്രിസഭയിലെ ഏതെല്ലാം അംഗങ്ങൾക്കെതിരായി അഴിമതി നടത്തിയതിന് വിജിലൻസ് കേസെടുത്തിട്ടുണ്ട് എന്നും ഇതിന്റെ ഭാഗമായി എത്ര മന്ത്രിമാർ രാജിവെച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ; | (സി) | മന്ത്രിസഭയിലെ ധനകാര്യവകുപ്പ് മന്ത്രിയായിരുന്ന ശ്രീ. കെ.എം. മാണി, റവന്യൂ വകുപ്പ് മന്ത്രി ശ്രീ. അടൂർ പ്രകാശ് എന്നിവർക്കെതിരെ അഴിമതി നടത്തി എന്ന ആരോപണവുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ് നിലവിലുണ്ട്. ഇതിൽ ധനകാര്യവകുപ്പ് മന്ത്രിയായ ശ്രീ. കെ.എം. മാണി രാജിവെച്ചിട്ടുണ്ട്. |
| (ഡി) | ഓരോ മന്ത്രിസഭാംഗത്തിനുമെതിരെ എന്നാണ് കേസെടുത്തതെന്നും, എന്നാണ് രാജിവെച്ചതെന്നും വിശദമാക്കാമോ? | (ഡി) | മുൻധനകാര്യവകുപ്പ് മന്ത്രിയായ ശ്രീ. കെ.എം.മാണിക്കെതിര 10.12.2014 ൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു. 10.11.2015 ൽ ശ്രീ. കെ.എം. മാണി മന്ത്രിസ്ഥാനം രാജിവച്ചു. |

Rajani.M

സെക്ഷൻ ഓഫീസർ